"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2026-27 - വികസന (പൊതു വിഭാഗം) ഫണ്ട് - റാന്നി ബ്ലോക്ക് പഞ്ചായത്ത് - 2025-26 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതിൽ ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്

സ.ഉ.(സാധാ)നം.6528/2026/ധന തീയതി, തിരുവനന്തപുരം, 17-08-2026

പരാമർശം : 1. 14/07/2026 തീയതിയിലെ എൽ. ഐ.ഡി & ഇ ഡബ്ല്യു.സബ് ഡിവിഷൻ, റാന്നി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത്.

2. 07/05/2026 തീയതിയിലെ റാന്നി സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

ഉത്തരവ്

2025-26 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി ബ്ലോക്ക് പഞ്ചായത്ത്, അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ (പ്രൊജക്ട് നം. 117/25-26) മാർക്കോസ് പടി റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയ്ക്കായി വികസന (പൊതു വിഭാഗം) ഫണ്ടിൽ നിന്നും കരാറുകാരന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹ 3,20,221/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് എൽ. ഐ.ഡി & ഇ ഡബ്ല്യു.സബ് ഡിവിഷൻ, റാന്നി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ റാന്നി സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, റാന്നി ബ്ലോക്ക് പഞ്ചായത്ത് 2025-2026 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ

മാർക്കോസ് പടി റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയ്ക്കായി കരാറുകാരന് നൽകുന്നതിനായി 2026-27 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-75-04-35-00-N-V (പൊതു വിഭാഗം) ശീർഷകത്തിൽ നിന്നും റാന്നി ബ്ലോക്ക് പഞ്ചായത്തിന് (B030500) ₹ 3,20,221 /-രൂപ (മൂന്നു ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം), 2026-27 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ (പൊതു വിഭാഗം) വിഹിതത്തിൽ നിന്നും കുറവ് വരുത്തുമെന്ന നിബന്ധനയോടെ, പുനരനുവദിച്ചു ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് കരാറുകാരന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് റാന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുരേഷ് കുമാർ ഒ.ബി.
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

സ്വീകർത്താക്കൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, റാന്നി ബ്ലോക്ക് പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3581987)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ